IMMACULATE CONCEPTION CHURCH MANJUMMEL
Ave Maria

# സ്വസ്തി

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവക വാർത്താ പത്രിക | 2025 ജനുവരി - ഫെബ്രുവരി



# സ്മരണാഞ്ജലി

## ദൈവ സന്നിധിയിൽ



**25–ാം ചരമവാർഷികം**

12–05–2000

## ആന്തിക്കാട് ചീക്കു

**മഞ്ഞുമ്മൽ**



**23–ാം ചരമവാർഷികം**

24–05–2002

## ആന്തിക്കാട് റോസി ചീക്കു

**മഞ്ഞുമ്മൽ**

പ്രാർത്ഥനയോടെ...

**മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**



# സ്വസ്തി

2025 ജനുവരി – ഫെബ്രുവരി


രക്ഷാധികാരി

**റവ. ഫാ. അഗസ്റ്റിൻ സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**

ചീഫ് എഡിറ്റർ

**ജയ്സൺ റ്റി.ജോൺ തെക്കെവിള**

മാനേജിംഗ് എഡിറ്റർ

**ഫിലോമിന ജോഷി**

പത്രാധിപസമിതി

**ജോസ് ഡിക്സൻ കെ.എക്സ്.**
**ഫ്രാൻസിസ് ഡിക്രൂസ്, ആന്റണി രാജു**
**റീന ബെനഡിക്ട്, അഡ്വ. ജെഫ്രിൻ മാനുവൽ,**
**എബി റോഷിൻ, ഷാൾട്ടൻ കൊറയ,**
**ജോയൽ ജോണി**

ഉപദേശക സമിതി

**റവ. ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
(സഹവികാരി)
**വർഗീസ് പുളിക്കൽ**
(ലീഡർ, ഫാമിലി യൂണിറ്റ്,
കേന്ദ്ര നിർവ്വാഹക സമിതി)
**ജിപ്സൻ സിക്കേര**
(ചീഫ് ഫോട്ടോഗ്രാഫർ ദി ടൈംസ് ഓഫ് ഇന്ത്യ)


## അകത്താളുകളിൽ


എഡിറ്റോറിയൽ
ഇടയമൊഴി
വഴിവിളക്കുകൾ
നോമ്പിന്റെ കാമ്പറിയുക
കൃതജ്ഞതയോടെ
**നാല്പതുമണി ആരാധനയും**
**വിശുദ്ധവാര തിരുക്കർമങ്ങളും**
ഇടവക വാർത്തകൾ





Layout : **L.F. Press, Manjummel**
Cover Design : **Shalton Correya Poovathumparambil**

എഡിറ്റോറിയൽ



# മനസ്സുരുക്കത്തിന്റെ തപസ്സുകാലം

**വേ**ട്ടയാടിപ്പിടിച്ചതെന്തായാലും വിശപ്പടങ്ങി കഴിഞ്ഞാൽ സഹ ജീവികൾക്ക് വിട്ടുകൊടുക്കുന്നത് കാട്ടുമൃഗങ്ങളുടെ ശീലമാണ്. ഇതിലും തരംതാഴുമ്പോഴാണ് സ്വന്തമാക്കിയതൊന്നും പങ്കുവയ്ക്കാനുള്ളതല്ല എന്ന ശാഠ്യത്താൽ മനുഷ്യൻ കളപ്പുരകൾ മുതൽ എഫ്ഡി അക്കൗണ്ടുകൾവരെ വിസ്തൃതമാക്കുന്നത്.

'രക്ഷയ്ക്കായി ഞങ്ങൾ എന്തുചെയ്യണം' എന്നു ചോദിച്ചവരോട്, 'രണ്ടുടുപ്പുള്ളവൻ അതിലൊന്ന് ഇല്ലാത്തവനു നൽകട്ടെ' എന്നായിരുന്നു സ്നാപകയോഹന്നാന്റെ പോംവഴി. പാപരാഹിത്യത്തിന്റെ സാഹചര്യങ്ങൾ പങ്കുവയ്ക്കലിലാണ് തുടക്കമിടുന്നത്.

അങ്ങനെയാണ് തപസ്സുകാലം തപനകാലവുമാകുന്നത്. പങ്കിടാൻ മറന്ന സ്വന്തം ചെയ്തികളോർത്തുള്ള പൊള്ളലിന്റെയും വേനലാണിത്. ചെയ്യാൻ പോകുന്ന പാപങ്ങൾ ഏറ്റുപറയാനാവില്ലല്ലോ എന്ന സാത്താനിക വെല്ലുവിളികൾക്കുള്ള മറുപടികൂടിയാണ്, മനോഭാവങ്ങൾ മാറ്റേണ്ട ഈ കാലം. അതുകൊണ്ടൊക്കെ തന്നെയാവാം, ചിലർ ദീർഘവീക്ഷണത്തോടെ മുൻപേ കുറിച്ചുവച്ചത് :

*അമ്പലങ്ങളിലും കുമ്പസാരക്കൂടുകൾ വച്ചാലെന്താ?*
*വൃദ്ധനും പണ്ഡിതനുമായ ഒരാൾ കേൾക്കുന്നു.*
*ഏതാനും മണിക്കൂറുകൾ പറഞ്ഞാൽ തീരാത്ത*
*പാപങ്ങളൊന്നും നമുക്കില്ല.*
*– എം.ടി. വാസുദേവൻ നായർ (വാരാണസി)*

മനസ്സു നുറുങ്ങുന്ന തപസ്സുകാലം ഏവർക്കും നേരുന്നു.

**ജയ്സൺ റ്റി. ജോൺ,**
ചീഫ് എഡിറ്റർ





# ഇടയമൊഴി

ഒരു നോമ്പുകാലം കൂടി ആഗതമാകുന്നു. ജൂബിലി വർഷത്തിലെ നോമ്പുകാലം. ജോയൽ പ്രവാചകന്റെ പുസ്തകത്തിൽ ഇപ്രകാരം പറയുന്നുണ്ട് : ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടുംകൂടെ നിങ്ങൾ പൂർണ ഹൃദയത്തോടെ എന്റെ അടുക്കലേക്ക് തിരിച്ചു വരുവിൻ, നിങ്ങളുടെ ഹൃദയമാണ് വസ്ത്രമല്ല കീറേണ്ടത് എന്ന്. അതെ, ദൈവവുമായി അനുരഞ്ജനപ്പെട്ടു പൂർണ ഹൃദയത്തോടെ അവിടുത്തെ പക്കലേക്കു തിരിച്ചു പോകുന്ന കാലം- അതാണ് നോമ്പുകാലം. മാനസാന്തരം വന്ന ഒരു ഹൃദയം ആണ് ദൈവം ഈ നോമ്പുകാലത്തിൽ നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്. ഹൃദയം കഠിനമാക്കാതെ സൂക്ഷിച്ചു കൊണ്ട്, ആത്മാവിനെ അടിമുടി നവീകരിക്കുക. ദാനധർമാനുഷ്ഠാനങ്ങളിലൂടെയും ഉപവാസത്തിലൂടെയും സേവന മനസ്ഥിതിയോടെയും വിരക്തിയിലും പ്രാർത്ഥനയിലൂടെയുമുള്ള ആത്മാവിന്റെ നവീകരണം. കുരിശുകളും പരിത്യാഗവും ഉള്ള ഒരു നോമ്പുകാലത്തിലേക്ക് ക്ഷണിക്കപ്പെട്ടവരാണ് നമ്മൾ. ഈ നോമ്പുകാലം കേവലം എല്ലാവർഷവും ഉള്ള ആചാരാനുഷ്ഠാനം മാത്രമായി തീരാതെ യഥാർത്ഥവും ഫലദായകവുമായ ഒരു നോമ്പുകാലമായി തീരട്ടെ. അതിനുള്ള കൃപ നൽകി ദൈവം നമ്മെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**
വികാരി



## *ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ...*


**നീ** പൊടിയാണ്, പൊടിയിലേക്കു തന്നെ നീ മടങ്ങും (ഉൽപ. 3,19). അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുക (മർക്കോ 1, 15). നോമ്പു കാലം യേശുവിനോടൊപ്പമുള്ള ഒരു യാത്രയാണ്. യേശു കടന്നുപോയ ത്യാഗത്തിന്റെയും യാതനകളുടെയും ചുവടുപിടിച്ച് യേശുവിനോടടുക്കു മ്പോൾ സഹോദരരോടടുക്കാനും സാധിക്കും.

ക്രിസ്തുവിന്റെ അനുദിന ജീവിതസാഹചര്യങ്ങളിലെ പ്രതിസന്ധി കളെല്ലാം തന്നെ അവിടുന്നു വിജയമാക്കി മാറ്റി; ജീവിതത്തിൽ തളർന്നു പോകുമ്പോൾ പിൻചെല്ലാൻ ഒരു ഉത്തമ മാതൃക നൽകി ഈ ജൂബിലി വർഷത്തിൽ പ്രത്യാശ എന്ന പുണ്യം നമ്മിൽ വളർത്താൻ യേശുവിനോ ടൊപ്പം പ്രത്യേകിച്ച് ഈ നോമ്പുകാലത്തിൽ പരിശ്രമിക്കാം.

ഉയിർപ്പിന്റെ മഹിമയിൽ വളരാൻ വിശുദ്ധവാര തിരുക്കർമങ്ങളിൽ ഭക്തിയോടെ കുടുംബസമേതം നമുക്കണയാം.

ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
സഹവികാരി



# നോമ്പിന്റെ കാമ്പറിയുക

(ചില നോമ്പുകാല വിചിന്തനങ്ങളിലൂടെ)



**സിജോ**
പൈനാടത്ത്

*ഓർത്തുപോകുന്നതെല്ലാം ഓർക്കേണ്ടതാണോ?
'മറന്നാൽ ഉണങ്ങുന്ന മുറിവുകൾ അങ്ങുണങ്ങട്ടേന്നേ...'

*ചാരം ശിരസിലുണ്ട്. എന്റെ ശിരസുയർത്താൻ
ചോര ചിന്തിയവൻ ചങ്കിലുണ്ടോ? ചാരത്തെങ്കിലും?

*വീട്ടകം മുതൽ പള്ളിയകം വരെ എത്ര ദൂരം? നടന്നെത്താവുന്നത്ര.!
ഹൃദയത്തിൽ നിന്നു ക്രൂശിതനിലേക്ക് എത്ര ദൂരം...?

*എത്രയോ പേർക്ക് തണലൊരുക്കിയ മരം,
പകുത്തു മിനുക്കിയപ്പോൾ പാകപ്പെട്ടതത്രെ കുമ്പസാരക്കൂട്...
എന്റെ അനുതാപനേരം, പാകപ്പെടുത്താനും പുതുക്കാനും
മിനുക്കാനും ഒരു തണൽനേരം.

*നോമ്പെടുക്കൽ, നോമ്പുനോക്കൽ
നോമ്പാചരിക്കൽ... പ്രയോഗം എന്തുമാകട്ടെ.,
മെനു മാറ്റത്തെക്കാൾ മനം മാറ്റമല്ലേ മനോഹരം

*കുരിശിലേറ്റി തോല്പിക്കാമെന്ന് രാജാവ്.,
കുരിശേറുന്നതു വിജയമാണെന്നു രക്ഷകൻ.
കുരിശുകളെ പുണർന്നു ക്രൂശിതനൊപ്പം ജയിക്കാം.

*സങ്കടങ്ങളുടെ നൂൽമഴപ്പെയ്ത്തുപോലും നനയിക്കല്ലേ
എന്ന് പ്രാർത്ഥിച്ചു മടങ്ങുമ്പോഴാണ് വഴിയോരത്ത് അവരെ കണ്ടത്.,
ദുരിതങ്ങളുടെ പേമാരിയിൽ നനഞ്ഞവർ...!
പെരുമഴത്തുള്ളികളോളം കണ്ണീരൊഴുക്കി തളർന്നവർ..!
എന്റെ ആവശ്യങ്ങളിലേക്ക് പരിമിതപ്പെട്ട
പ്രാർത്ഥന പുതുക്കാൻ നേരമായി..

*(ദീപിക പത്രാധിപ സമിതി അംഗമാണ് ലേഖകൻ)*

കഥ

# വഴി വിളക്കുകൾ



ഷെമിൻസൺ ജാക്ക്
വാര്യത്ത്
ST. Sebastian A

മഴ ഇനിയും തോർന്നിട്ടില്ല, അയാൾ മനസ്സിൽ ഓർത്തു.

എത്ര നേരമായി ഈ കടത്തിണ്ണയിൽ നിൽപ്പു തുടങ്ങിയിട്ട്. എന്തു ചെയ്യാം, ഇവിടെ വരെ എത്താൻ പറ്റിയതു തന്നെ നല്ല കാര്യം.

സുരേഷ് താൻ നിൽക്കുന്നിടത്ത് തന്നെ, കടയോടു കൂടുതൽ ചേർന്ന് നിൽക്കാൻ തുടങ്ങി.

മഴ ആരോടോ വാശി തീർക്കാൻ എന്ന വണ്ണം തകൃതിയായി പെയ്യാൻ തുടങ്ങി. നിൽക്കുന്ന സ്ഥലത്ത് പണി വേറെയൊന്നും ചെയ്യാൻ ഇല്ലാത്തതിനാൽ അയാൾ ദൂരെ ദിക്കിലേക്ക് കണ്ണോടിച്ചു. വളരെ അകലെയായി നിൽക്കുന്ന വലിയ ആൽമരത്തിൽ അയാളുടെ ദൃഷ്ടി പതിച്ചു

ശക്തമായ കാറ്റിലും മഴയിലും തലയെടുപ്പോടെ, ആൽമരം മറ്റുള്ളവർക്ക് താങ്ങായി തണലായി നിലകൊള്ളുന്നതു കണ്ടപ്പോൾ അയാൾ തന്റെ കാര്യം മനസ്സിൽ ഓർത്തു. വീടിനും സമൂഹത്തിനും ആൽമരം പോലെ തണൽ നൽകേണ്ട താൻ ചരട് പൊട്ടിയ പട്ടം പോലെ ലക്ഷ്യമില്ലാതെ ജീവിതം എന്തിനോ വേണ്ടി ജീവിച്ചു തീർക്കുന്നു.

മാർക്കറ്റിലെ കച്ചവടക്കാരുടെ സഹായം കൊണ്ട് മൂന്നു നേരത്തെ ഭക്ഷണവും കിടപ്പും കഴിഞ്ഞു പോകുന്നു. കഠിനമായ ജോലിയൊന്നും ചെയ്യാനുള്ള ആരോഗ്യം ഇപ്പോൾ ഇല്ല. ചെറിയ ചെറിയ സാധനങ്ങൾ പലയിടത്തും എത്തിച്ചു കൊടുക്കുന്ന ജോലി അവർ തരുന്നതിനാൽ കാര്യങ്ങൾ അല്ലലില്ലാതെ കഴിഞ്ഞു പോകുന്നു.

ചായക്കടയിൽ സഹായിക്കുന്നതിനാൽ ഭക്ഷണത്തിനുള്ള വകയും കിട്ടുന്നുണ്ട്. രാത്രിയിൽ കടത്തിണ്ണയിൽ തന്നെ കൂടുന്നത് കൊണ്ട് അവർക്ക് അവരുടെ കടയ്ക്ക് സുരക്ഷിതത്വവും കിട്ടുന്നു. ആ പരിസരം നോക്കാൻ അവർക്ക് പൈസ കൊടുത്തു വേറെ ആൾക്കാരെ ഒന്നും നിറുത്തുകയും വേണ്ടല്ലോ. ഈ നല്ലവരായ കച്ചവടക്കാരെ കൊണ്ട് തന്റെ ജീവിതം ഒരു

കുഴപ്പവുമില്ലാതെ മുന്നോട്ടു നീങ്ങുകയാണെന്നത് മനസിൽ ആവർത്തി ച്ചുറപ്പിച്ചതാണ്.

എടാ, നീ ഇവിടെ നിന്നോ.. അവിടെ കടയിലെ ആളുകൾ നിന്നെ അന്വേഷിക്കുന്നുണ്ട്. ശബ്ദം കേട്ട ദിക്കിലേക്ക് നോക്കി സുരേഷ് ചെറുതായി ഒന്നു ചിരിച്ചു. മഴയൊക്കെ കഴിഞ്ഞിട്ടു കുറെ നേരം ആയോ. ഈ ഒടുക്കത്തെ ചിന്ത കാരണം ചുറ്റും നടക്കുന്നതൊന്നും ശരിയായി അറിയാൻ കഴിയുന്നില്ല. അയാൾ ഉടുത്തിരുന്ന മുണ്ട് ഒന്നഴിച്ചു മുറുക്കി കുത്തി വളരെ വേഗത്തിൽ മാർക്കറ്റിലെ കടകൾ ലക്ഷ്യമാക്കി നടന്നുനീങ്ങി.നടത്തം ഏകദേശം കടകളുടെ നടുവിൽ എത്തിയപ്പോൾ ഇടത്ത് വശത്തുള്ള പീടികയുടെ ഉടമ മത്തായി ചേട്ടൻ കൈകാട്ടി വിളിച്ചു. കയറി ചെന്നപ്പോൾ മേശ വലിപ്പിൽ നിന്നും ഒരു നൂറ് രൂപ എടുത്തു നീട്ടി. ഒന്നും മിണ്ടാതെ അയാൾ കൈ നീട്ടി വാങ്ങി.

നീയൊന്നു കറങ്ങി കുറച്ചു കഴിയുമ്പോൾ വാ.. അപ്പൊഴെക്കും അടുത്തത് ശരിയാക്കി വെച്ചേക്കാം തിരക്കില്ല. ചിരി ചെറുതായി മുഖത്തു വരുത്തി സുരേഷ് കടത്തിണ്ണയിൽ നിന്നും റോഡിലേക്ക് ഇറങ്ങി മുതലാളിയുടെ ചായക്കട ലക്ഷ്യമാക്കി നടന്നു നീങ്ങി.

ഭക്ഷണം കഴിക്കാമെന്ന് വെച്ചാൽ കടയിൽ നല്ല തിരക്ക്. വാതിൽക്കൽ ശങ്കിച്ചു നിന്ന സുരേഷിനെ നോക്കി മുതലാളി പറഞ്ഞു : നീ ഒന്ന് അകത്തേക്ക് ചെന്നേ അടുക്കളയിൽ ആള് കൊറവാണ്. തിരക്ക് കഴിഞ്ഞിട്ട് ഭക്ഷണം കഴിച്ചാ പോരേ?

അടുക്കളയുടെ ഉള്ളിലേക്ക് ചെന്നപ്പോഴേക്കും ഭണ്ഡാരി തവി നീട്ടി എച്ചിൽ പാത്രങ്ങളുടെ അടുത്തേക്ക് പോകാനായി ആംഗ്യം. അടുക്കളയുടെ പുറകിലെ വാതിലും കടന്നു പാത്രങ്ങൾ കൂട്ടിയിട്ടിരിക്കുന്ന പുറകുവശത്തെ വാഷ്ബേസിനടുത്തേക്ക് അയാൾ നടന്നു. ഇന്നു രാവിലെ മുതലുള്ള പാത്രങ്ങൾ കുന്നു കുന്നായി കൂട്ടിയിട്ടിരിക്കുന്നു. സുരേഷ് ടാപ്പ് തുറന്നു വെള്ളം പാത്രങ്ങളിലേക്ക് വീഴ്ത്താൻ തുടങ്ങി. അയാൾ ടാപ്പിന്റെ അടിയിൽ നിന്നും വരുന്ന വെള്ളത്തിലേക്ക് കൈ നീട്ടി, നല്ല തണ്ണുപ്പ്. വീടിനടുത്തുള്ള പഞ്ചായത്ത് കുളത്തിന്റെ അതേ കുളിര്.

നാട്ടിലെ കുളത്തിൽ എത്രയോ തവണ മലക്കം മറിഞ്ഞിരിക്കുന്നു. അയാളുടെ ചിന്തകൾ ഓർമകളിലേക്ക് മുങ്ങാംകുഴിയിട്ടു. ഓരോ പഠനക്കാലവും അവസാനിക്കുന്ന അവധിക്ക് കൂട്ടുകാരുമൊത്ത് എത്രയോ മണിക്കൂർ നീന്തി തുടിക്കുമായിരുന്നു. സമയം വൈകി ചെന്നതിന് എത്രയോ തവണ തല്ല് അച്ഛന്റെയും അമ്മയുടെയും കൈയിൽ നിന്നും വാങ്ങിക്കു മായിരുന്നു. സുരേഷിന്റെ കണ്ണിൽ വെള്ളം നിറഞ്ഞു തുടങ്ങി. ഓർമകളിൽ നിന്നും ഓർമ്മകളിലേക്ക് അയാൾ സഞ്ചരിച്ചു തുടങ്ങി.

എൻജിനീയറിംഗ് പരീക്ഷയ്ക്കുള്ള സ്റ്റഡി ലീവിന് മുന്നേ ആയിരുന്നു നാട്ടിലെ കൂട്ടുകാരുമായി കുളത്തിൽ അവസാനമായി നീന്തി തുടിച്ചത്.

കംബൈൻഡ് സ്റ്റഡീസ് നടത്തിയ ഹോസ്റ്റൽ കാലയളവിലായിരുന്നു കൂടുതൽ സമയം ഉറക്കമില്ലാതെ പഠിക്കാനും ഓർമ്മ കിട്ടാനുമായി പുതിയ ഒരു തരം രാസലഹരി ഉപയോഗിച്ച് തുടങ്ങിയത്. ഇത് ജീവിതത്തിന്റെ താളം തെറ്റിച്ചു. ആദ്യമൊക്കെ രസമായത് പിന്നെ ശീലമായി, ബോധവും ബുദ്ധിയും ആരോഗ്യം വരെ നശിക്കുന്ന രീതിയിലേക്ക് കാര്യങ്ങൾ എത്തുകയായിരുന്നു.

വീട്ടുകാരും നാട്ടുകാരും ഒക്കെ സഹായത്തിന് എത്തിയിരുന്നു എങ്കിലും എന്റെ പ്രകൃതം എല്ലാവരെയും അങ്ങേയറ്റം വെറുപ്പിക്കുന്ന രീതിയിൽ ആയിരുന്നു. പല പല അഡിക്ഷൻ സെന്ററുകളിലൂടെ ആയിരുന്നു പിന്നീടുള്ള ജീവിതം. അവസാനം ശരിയായ ബോധത്തിലേക്ക് എത്തിയപ്പോൾ വിദ്യാഭ്യാസവും, വീട്ടുകാരും സുഹൃത്തുക്കളും സമൂഹവും എന്തിന് ജീവിതം തന്നെയും കൈമോശം വന്നിരുന്നു.

ചികിത്സാലയത്തിൽ നിന്നും പുറത്തേക്ക് ഇറങ്ങിയപ്പോൾ പഴയ സ്ഥലങ്ങളിലേക്കൊ നാട്ടിലേക്കൊ വീട്ടിലെക്കോ പോകാനുള്ള താൽപര്യമേ ഇല്ലായിരുന്നു. ആരും, തന്നെ അന്വേഷിച്ചു വന്ന് ബുദ്ധിമുട്ടിച്ചതുമില്ല. എവിടെയൊക്കെ എന്തിനൊ ഒക്കെ അലഞ്ഞു തിരിഞ്ഞു. ഈ പട്ടണത്തിലെ മാർക്കറ്റിന്റെ ഉള്ളിൽ വന്നു അടിഞ്ഞു എന്നു പറയുന്നതാവും ശരി. വളരെയധികം തിരക്കുള്ള കച്ചവട സ്ഥലമായതിനാൽ കാര്യമായ ചോദ്യങ്ങൾ ഒന്നും തന്നെ ഉണ്ടായില്ല. പറയുന്ന പണി പറയുന്ന സമയത്ത് ചെയ്തു തീർക്കണം എന്ന് മാത്രം. ചെയ്യുന്ന ജോലിക്ക് കഴിയുമ്പോൾ തന്നെ ചെറിയ തുകകൾ തന്നു തീർക്കും, അതിനാൽ മറ്റു ബാധ്യതകൾ ഒന്നും തന്നെ ആരോടുമില്ല.

'എടാ, കഴിയാറായില്ലേ' എന്ന ഭണ്ഡാരിയുടെ ഉച്ചത്തിൽ ഉള്ള ചോദ്യം അയാളെ യഥാർത്ഥ ലോകത്തിലേക്ക് തിരികെ കൊണ്ട് വന്നു. കുറച്ചു പാത്രങ്ങൾ കൂടി കഴിഞ്ഞാൽ ഇവിടുത്തെ പണി മതിയാക്കാമെന്ന ചിന്ത സുരേഷിന്റെ ജോലിയുടെ വേഗത വർദ്ധിപ്പിച്ചു. പണി അവസാനിപ്പിച്ച് ചായക്കടയുടെ ഹാളിലേക്ക് ചെന്ന അയാൾ മേശയിൽ തനിക്കായി എടുത്ത് വെച്ചിരുന്ന ഭക്ഷണ പാത്രത്തിനടുത്തേക്ക് നീങ്ങി.

ഭക്ഷണം കഴിയാറായപ്പോൾ തന്നെ അയാൾക്ക് കുടിക്കാനുള്ള ചായയും മേശയിൽ എത്തി. അതും കുടിച്ചു കൈ കഴുകാൻ എണീറ്റ സുരേഷിനോട് എതിർ മേശയിൽ ഭക്ഷണം കഴിച്ച് കൊണ്ടിരുന്ന കടയുടമ മത്തായി ചേട്ടൻ പറഞ്ഞു വേഗം കടയിൽ ചെന്ന് സാധനങ്ങൾ എടുത്ത് കൊടുക്ക്. സുരേഷ് ചായക്കടയിൽ നിന്നും ഇറങ്ങി റോഡിലൂടെ നടക്കുമ്പോൾ അയാൾ മനസ്സിൽ ഓർത്തു ശരിക്കും തന്റെ പേര് സുരേഷ് എന്നു തന്നെയാണോ. അതോ മറ്റേതെങ്കിലും പേര് ... ഓർത്തു നിൽക്കാൻ സമയമില്ല. മത്തായി ചേട്ടന്റെ കടയിലേക്ക് ഇനിയും നടക്കാനുണ്ട്.

●



# ഗുഡ് ഫ്രൈഡേ

ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ച് പാശ്ചാത്യ രാജ്യങ്ങളിലാണ് ഗുഡ് ഫ്രൈഡേ ആചരിച്ചു തുടങ്ങിയത്. God's Friday (ദൈവത്തിന്റെ ദിനം) എന്ന പേരിൽ നിന്നാണ് ഗുഡ് ഫ്രൈഡേ ആയി മാറിയതെന്നും പറയപ്പെടുന്നു. Holy Friday (വിശുദ്ധ വെള്ളി), Great Friday (വലിയ വെള്ളി), Easter Friday (ഈസ്റ്റർ വെള്ളി) എന്നിങ്ങനെയും പല രാജ്യങ്ങളിലായി ഇംഗ്ലീഷിൽ അറിയപ്പെടുന്നു. ഇവയിൽ അമേരിക്ക അടക്കം ഏറ്റവും കൂടുതൽ രാജ്യങ്ങളിൽ ഉപയോഗിച്ചു പോരുന്നത് ഗുഡ് ഫ്രൈഡേ എന്നാണ്.

കുരിശിൽ യേശു സഹിച്ചത് പീഡകളെങ്കിലും അവയുടെയെല്ലാം അനന്തര ഫലം മാനവരാശിയുടെ രക്ഷ എന്നതായിരുന്നു. അതുകൊണ്ടു തന്നെ യേശുവിന്റെ കുരിശുമരണം വലിയൊരു നന്മയ്ക്കു വേണ്ടിയായിരുന്നു എന്ന അർഥത്തിലാണ് ഗുഡ് ഫ്രൈഡേ എന്നും മറ്റും അറിയപ്പെടുന്നത്.

അതേസമയം, ജർമനിയിൽ Sorrowful Friday (ദു:ഖ വെള്ളി) എന്നു തന്നെയാണ് അറിയപ്പെടുന്നത്. മലയാളത്തിലും ജർമനിയിലും ദു:ഖ വെള്ളിയായി ആചരിക്കാൻ കാരണം യേശുവിന്റെ പീഢാ സഹനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ്. പെസഹാ വ്യാഴത്തിനു ശേഷം യേശു യാതനകളും പീഢകളും മനുഷ്യകുലത്തിനു വേണ്ടി സഹിച്ചു മരിച്ച ദിനത്തിന്റെ ഓർമ പുതുക്കാനായാണ് ഇവിടങ്ങളിലെ ക്രൈസ്തവർ ഈ പേര് ഉപയോഗിക്കുന്നത്.

# കൃതജ്ഞതയോടെ...,





ഇക്കഴിഞ്ഞ 5 വർഷക്കാലം കേന്ദ്ര നിർവാഹക സമിതിയുടെ പ്രവർത്തനങ്ങൾക്ക് അകമഴിഞ്ഞ പിന്തുണയും സ്നേഹവും നൽകിയ വികാരി സ്റ്റീജൻ അച്ചനും, സഹവികാരി ഡാനി അച്ചനും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു.

കൂടാതെ കേന്ദ്രനിർവാഹകസമിതി അംഗങ്ങളായിരുന്ന Adv. ജെഫ്രിൻ മാനുവേൽ, അൽഫോൻസ് കരിമ്പുറത്ത്, ബെനഡിക്റ്റ് K. J, ജിനി ബാറ്റൻ, അനീറ്റ കിരൺ, ശാലിനി ഷാജു, നിക്സൻ റോഡ്രിക്സ്, ആന്റണി കൈനാട്ടംപിള്ളി, എന്നിവർക്കും എല്ലാ കുടുംബ യൂണിറ്റ് ഭാരവാഹികൾക്കും, മതബോധന വിഭാഗത്തിനും, കാർമൽ യൂത്ത്, മറ്റെല്ലാ ഭക്തസംഘടനകൾക്കും എല്ലാ ഇടവക ജനങ്ങൾക്കും സ്നേഹത്തോടെ നന്ദി അർപ്പിക്കുന്നു.

എന്ന്, സ്നേഹത്തോടെ,
വർഗീസ് പുളിക്കൽ
സെൻട്രൽ കമ്മിറ്റി ലീഡർ

**സ്വസ്തിയിലേക്കുള്ള നിങ്ങളുടെ രചനകളും, പരസ്യങ്ങളും പാരീഷ് ഓഫീസിൽ നൽകുകയോ** swasthieditorial@gmail.com **എന്ന ഇ-മെയിലിൽ അയയ്ക്കുകയോ ചെയ്യണമെന്ന് അറിയിക്കുന്നു.**

# നന്ദിയോടെ...,



**അ**നുഗ്രഹീതമായ 5 വർഷങ്ങളാണ് കടന്നു പോയത് കൃപയാലും കരുണയാലും ചേർത്ത് പിടിച്ച് പരിശുദ്ധ അമ്മ എന്നെ നടത്തു കയായിരുന്നു. ചേർത്തുപിടിച്ചതിനും വഴി നടത്തി യതിനും പരിശുദ്ധ അമ്മയ്ക്ക് ഒരായിരം നന്ദി. മുൻ വികാരിമാരായിരുന്ന വർഗ്ഗീസ് അച്ചനെയും ടൈറ്റസ് അച്ചനെയും കഴിഞ്ഞ രണ്ടു വർഷക്കാലം കൃത്യമായ മാർഗനിർദ്ദേശങ്ങൾ നൽകി കൂടെ ചേർത്തുപിടിച്ച സ്നേഹ ബഹുമാനപ്പെട്ട വികാരി സ്റ്റീജനച്ചനേയും സഹവികാരി ഡാനിയച്ചനേയും നന്ദിയോടെ ഓർക്കുന്നു.

സഹോദരതുല്യമായ സ്നേഹത്തോടും കരുതലോടും കൂടെ 5 വർഷം കൂടെയുണ്ടായിരുന്ന സെൻട്രൽ കമ്മിറ്റി ലീഡർ വർഗ്ഗീസ് പുളിക്കലിനും സെൻട്രൽ കമ്മിറ്റിയംഗങ്ങൾക്കും (എല്ലാ പിന്തുണയും നൽകി കൂടെയു ണ്ടായിരുന്ന ബെനഡിക്ട് കെ.ജെ., ജിനി ബാറ്റൻ, അൽഫോൻസ് കരിംപു റത്ത്, ആന്റണി കൈനാട്ടംപിള്ളി, നിക്സൻ റോഡ്രിഗ്സ്, അനീറ്റ കിരൺ, ശാലിനി ഷാജു എന്നിവർ) കപ്യാർ ജോയി, ചെമ്മദോർ പയസ്സ്, മേഴ്സി ചേച്ചി, ദർശന സമൂഹാംഗങ്ങൾ, അൾത്താര ബാലകർ മതബോധന വിഭാഗം തുടങ്ങിയവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു. ഫാത്തിമ മാതാ ദൈവാ ലയം, സെന്റ് സെബാസ്റ്റ്യൻ കപ്പേള, സെന്റ് ജോസഫ് ചർച്ച് JNM ഏലൂർ തുടങ്ങിയ ദൈവാലയത്തിലെ പ്രീസ്റ്റ് ഇൻ ചാർജ്, പ്രവർത്തകസമിതി മറ്റു കുടുംബ യൂണിറ്റ് ഭാരവാഹികൾ മതബോധന വിഭാഗം, കൂടാതെ കഴിഞ്ഞ 5 വർഷക്കാലം ഞങ്ങളോടു സഹകരിച്ച ഇടവകയിലെ കുടുംബയൂണിറ്റ് ബ്ലോക്ക് ഭാരവാഹികൾക്കും ഭക്തസംഘടന ഭാരവാഹികൾക്കും ഹൃദയ ത്തോട് ചേർത്തു നിർത്തിയ എല്ലാ ഇടവക ജനങ്ങളോടുമുള്ള നന്ദി ഹൃദ യത്തിന്റെ ഭാഷയിൽ അർപ്പിക്കുന്നു.

സ്നേഹത്തോടെ,

**അഡ്വ. ജെഫ്രിൻ മാനുവൽ**
സെൻട്രൽ കമ്മിറ്റി സെക്രട്ടറി

# 128-ാമത് നാല്പതുമണി ആരാധനയും വിശുദ്ധവാരതിരുക്കർമങ്ങളും

## ആരാധനാ ദിവസങ്ങൾ : 2025 ഏപ്രിൽ 4, 5, 6 തീയതികളിൽ

### *2025 ഏപ്രിൽ 4 വെള്ളി*

| | | |
|---|---|---|
| രാവിലെ 6.00ന് | : | **ദിവ്യബലി** |
| രാവിലെ 7.00ന് | : | **ദിവ്യബലി, ദിവ്യകാരുണ്യ പ്രദക്ഷിണം** |
| മുഖ്യകാർമ്മികൻ | : | **റവ. ഫാ. പ്രസാദ് തെരുവത്ത് OCD** (പ്രൊവിൻഷ്യാൾ കൗൺസിലർ, കളമശ്ശേരി) |
| തുടർന്ന് | : | **ആരാധന** |
| വൈകിട്ട് 6.00ന് | : | **പൊതു ആരാധന** |
| നയിക്കുന്നത് | : | **റവ. ഫാ. സെബാസ്റ്റ്യൻ അടിച്ചിലിൽ** (സ്പിരിച്വൽ ഡയറക്ടർ, കളമശ്ശേരി) |
| സമാപന ആശീർവ്വാദം | : | **റവ. ഫാ. പാക്സി ആലുങ്കൽ OCD** (പ്രൊവിൻഷ്യാൾ കൗൺസിലർ, കളമശ്ശേരി) |

### *2025 ഏപ്രിൽ 5 ശനി*

| | | |
|---|---|---|
| രാവിലെ 6.00ന് | : | **ദിവ്യബലി** |
| രാവിലെ 7.00ന് | : | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | : | **റവ.ഫാ. ജോസി കുരിയാപ്പിള്ളി OCD** (പുഷ്പാരാം, കളമശ്ശേരി) |
| തുടർന്ന് | : | **ആരാധന** |
| വൈകിട്ട് 6.00ന് | : | **പൊതു ആരാധന** |
| നയിക്കുന്നത് | : | **റവ. ഫാ. ജോർജ് കടപ്പുറത്തുതയ്യിൽ OCD** (സി.ആർ.സി. ധ്യാനകേന്ദ്രം) |
| സമാപന ആശീർവ്വാദം | : | **റവ. ഫാ. ജോസി കാരാപറമ്പിൽ OCD** (പ്രൊവിൻഷ്യാൾ കൗൺസിലർ, കളമശ്ശേരി) |

### *2025 ഏപ്രിൽ 6 ഞായർ*

| | | |
|---|---|---|
| രാവിലെ 6.00ന് | : | **ദിവ്യബലി** |
| രാവിലെ 7.00ന് | : | **സംയുക്ത ദിവ്യബലി** |
| മുഖ്യകാർമ്മികൻ | : | **വെരി റവ. ഫാ. സക്കറിയാസ് പാവനത്തറ** (ഫെറോന വികാരി, കളമശ്ശേരി) |
| തുടർന്ന് | : | **ആരാധന** |
| വൈകിട്ട് 5.00ന് | : | **പൊതു ആരാധന** |
| നയിക്കുന്നത് | : | **റവ. ഫാ. യേശുദാസ് പഴമ്പിള്ളി** (ഡയറക്ടർ, B.C.C വരാപ്പുഴ അതിരൂപത) |
| വൈകിട്ട് 6.00ന് | : | **ദിവ്യകാരുണ്യ പ്രദക്ഷിണം** |
| സമാപന ആശീർവ്വാദം | : | **വെരി റവ. ഡോ. അഗസ്റ്റിൻ മുല്ലൂർ OCD** (പ്രൊവിൻഷ്യാൾ, മഞ്ഞുമ്മൽ പ്രോവിൻസ്) |

## ഏപ്രിൽ 4, 5, 6 തീയതികളിലെ ആരാധനയിൽ പങ്കെടുക്കേണ്ട യൂണിറ്റുകളുടെ വിശദവിവരങ്ങൾ

**ഏപ്രിൽ 4 വെള്ളി**

| | | |
|---|---|---|
| 8.00 - 9.00 | : | നിർമ്മലാംബിക A & B, ലൂർദ്ദ് മാതാ, ഹോളി ഫാമിലി കോൺവെന്റ് |
| 9.00 - 10.00 | : | സെന്റ് ജോൺ ഓഫ് ദി ക്രോസ്, കർമ്മല മാതാ, മരിയാംബിക |
| 10.00 - 11.00 | : | ലിറ്റിൽ ഫ്ളവർ A & B, ഷാരോൺ |
| 11.00 - 12.00 | : | സെന്റ് പയസ് X, വിമലാംബിക A |
| 12.00 - 1.00 | : | സെന്റ് ജോസഫ് (ജി.എഫ്.), അമലാംബിക |
| 1.00 - 2.00 | : | വിമലാംബിക - B, മദർ തെരേസ |

*(ശേഷം പേജ് 17 - ൽ)*



വരാപ്പുഴ അതിരൂപത മതബോധന വിഭാഗം
സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട
**കോയ്മക്കാട് ജോസ് ഡിക്സൺ സാറിന്**
മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവകയുടെ

# അഭിനന്ദനങ്ങൾ

## ദേവാസ്തു സംഘത്തിന് നമ്മുടെ ഇടവകയുടെ ആദരം



ദേവാസ്ത: പ്രൗഢവിശ്വാസത്തിന്റെ സുവിശേഷ പ്രഘോഷകർ.....
നോമ്പുകാല രാവുകളെ ഭക്തിസാന്ദ്രമാക്കുന്ന..... മഞ്ഞുമ്മൽ ഇടവകയിലെ ദേവാസ്തവിളിക്കാർ
വികാരി റവ. ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി, റവ. ഫാ. ഷാജി പനയ്ക്കൽ ഒ.സി.ഡി,
കേന്ദ്രസമിതി ലീഡർ കെ.ജെ ബെനഡിക്റ്റ് കോതേത്ത് എന്നിവരോടൊപ്പം

# സ്നേഹസ്മരണയ്ക്ക്





## 1-ാം
## ചരമവാർഷികം

# കെ. വി. ഫ്രാൻസിസ്

**കടപിരിങ്ങൽ**

ജനനം: 09.01.1935

മരണം: 04.03.2024

മരിച്ചവരെ ഉയർപ്പിക്കുന്നവനെ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി !

നാം ഇനി പാപത്തിന് അടിമപ്പെടാതിരിക്കത്തക്കവിധം പാപപൂർണമായ ശരീരത്തെ നശിപ്പിക്കാൻ വേണ്ടി
നമ്മിലെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരുക്കുന്നുവെന്നു നമുക്കറിയാമല്ലോ.

റോമാ: 6/6





നിങ്ങളുടെ ഹൃദയമാണ് വസ്ത്രമല്ല കീറേണ്ടത്,
നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്കു മടങ്ങുവിൻ,
എന്തെന്നാൽ, അവിടുന്ന് ഉദാരമതിയും കാരുണ്യവാനും
ക്ഷമാശീലനും സ്നേഹസമ്പന്നനുമാണ്.

ജോയേൽ 2/13



പുതിയ കേന്ദ്രനിർവാഹക സമിതി ഭാരവാഹികൾ
വികാരി അച്ചനോടും കൊച്ചച്ചനോടുമൊപ്പം

# 50th Wedding Anniversary





**K. A. XAVIER & MARY XAVIER**

*Kotheth House*

22-01-2025

# 35th Wedding Anniversary



**Remold K.V. & Rita Remold**

*Kalathuparambil*

22-04-1990

*(പേജ് 12-ൽ നിന്നും തുടർച്ച)*

2.00 - 3.00 : സെന്റ് സെബാസ്റ്റ്യൻ A, B & C
3.00 - 4.00 : സെന്റ് മേരീസ്, നല്ലിടയൻ A & B
4.00 - 5.00 : സെന്റ് പോൾ, ഫാത്തിമ മാതാ
5.00 - 6.00 : മതബോധന യൂണിറ്റ്, യുവജനം, തിരുബാലസഖ്യം
(ഫാത്തിമ മാതാ ദൈവാലയം, മുട്ടാർ)

**ഏപ്രിൽ 5 ശനി**

8.00 - 9.00 : ഹോളി ഫാമിലി A & B, ഡോൺ ബോസ്കോ
9.00 - 10.00 : ഡോമിനിക് സാവിയോ, സേക്രട്ട് ഹാർട്ട്, ക്രൈസ്റ്റ്
10.00 - 11.00 : സെന്റ് ആന്റണി - B, എയ്ഞ്ചൽ ഗബ്രിയേൽ A, B & C
11.00 - 12.00 : സെന്റ് ജൂഡ്, അമലോത്ഭവമാതാ
12.00 - 1.00 : സെന്റ് ആന്റണി - A, എയ്ഞ്ചൽ
1.00 - 2.00 : ക്രൈസ്റ്റ് ദി കിങ്ങ് A, ക്രൈസ്റ്റ് ദി കിങ്ങ് B,
കാർമ്മൽ A & B
2.00 - 3.00 : സെന്റ് ജോസഫ് മാടപ്പാട്,
സെന്റ് വിൻസെന്റ് ഡി പോൾ, വേളാങ്കണ്ണിമാതാ
3.00 - 4.00 : ഹോളി സ്പിരിറ്റ്, മേയ, നിത്യസഹായ മാതാ
4.00 - 5.00 : ആരാധന A & B, മേരി മാതാ A & B
5.00 - 6.00 : ആശ്രമാംഗങ്ങൾ

**ഏപ്രിൽ 6 ഞായർ**

8.30 - 9.00 : അൾത്താര ശുശ്രൂഷകർ, ദർശനസമൂഹം, കാർമ്മൽ വോയ്സ്
9.00 - 10.00 : പ്രാർത്ഥനാ ഗ്രൂപ്പ്, വിൻസന്റ് ഡി പോൾ
10.00 - 11.00 : മതബോധന യൂണിറ്റ്, തിരുബാലസഖ്യം
(അമലോത്ഭവ മാതാ ദൈവാലയം മഞ്ഞുമ്മൽ)
11.00 - 12.00 : സെന്റ് ആൻസ് ചർച്ച്, ഏലൂർ
12.00 - 01.00 : സെന്റ് ആന്റണീസ് ചർച്ച്, ഏലൂർ, സെന്റ് ജോസഫ് JNM
01.00 - 02.00 : മാതൃവേദി, ഇ.എസ്.എസ്., സെക്കുലർ കാർമ്മൽ, ലീജിയൻ ഓഫ് മേരി, മദ്യവിരുദ്ധ സമിതി, അൽമാന ഗ്രൂപ്പ്
02.00 - 03.00 : സെന്റ് പയസ് X ചർച്ച്, കളമശ്ശേരി
03.00 - 04.00 : സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ സിസ്റ്റേഴ്സ്, സ്റ്റാഫ്
04.00 - 05.00 : യുവജനങ്ങൾ

## 2025 ഏപ്രിൽ 13 ഓശാന ഞായർ

രാവിലെ 5.45ന് : **കുരുത്തോല വെഞ്ചിരിപ്പ് പ്രദക്ഷിണം**
(സെന്റ് ജോസഫ്സ് ആശുപത്രിയിൽ നിന്നും)

തുടർന്ന് **ദിവ്യബലി**

രാവിലെ 8.00നും 9.30നും : **ദിവ്യബലി**

വൈകിട്ട് 5.30ന് : **കുരിശിന്റെ വഴി**

**ആരംഭിക്കേണ്ട സ്ഥലങ്ങൾ**

**ബ്ലോക്ക് 1, 2, 6**: FM കോൺവെന്റ് **ബ്ലോക്ക് 3, 4** : ഫാത്തിമ ദേവാലയം

**ബ്ലോക്ക് 5, 8** : ചേരാനെല്ലൂർ കടവ് **ബ്ലോക്ക് 7, 9** : ഗോഡൗൺ ജംഗ്ഷൻ

ഈ നാല് സ്ഥലങ്ങളിൽ നിന്ന് ആരംഭിച്ച് വൈകിട്ട് 6.30ന് ദേവാലയത്തിൽ എത്തിച്ചേരുന്നു.

**2025 ഏപ്രിൽ 17 പെസഹാവ്യാഴം** (രാവിലെ തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കുന്നതല്ല)

വൈകീട്ട് 6ന് : **തിരുവത്താഴബലി, പാദക്ഷാളനകർമ്മം**

: **ആരാധന** (രാത്രി 12 മണി വരെ)

## ആരാധന സമയം

7.45- 8.15 : **ജോർദ്ദാൻ ബ്ലോക്ക്** : കർമ്മലമാതാ, സെന്റ് ജോൺ ഓഫ് ദി ക്രോസ്, സെന്റ് പോൾ, ഫാത്തിമ മാതാ

8.15-8.45 : **എമ്മാവൂസ് ബ്ലോക്ക്** : മേയ, വേളാങ്കണ്ണി മാതാ, ഹോളി സ്പിരിറ്റ്, നിത്യസഹായമാതാ, സെന്റ് ജോസഫ് JNM

8.45 -9.15 : **കാനാ ബ്ലോക്ക്** : നല്ലിടയൻ A & B, സെന്റ് മേരീസ്, ലിറ്റിൽ ഫ്ളവർ A & B, ഷാരോൺ

9.15-9.45 : **ശാലോം ബ്ലോക്ക്** : മേരി മാതാ A & B, എയ്ഞ്ചൽ ഗബ്രിയേൽ A, B & C, സെന്റ് ആന്റണി B, സെന്റ് ജോസഫ് മാടപ്പാട്ട്, സെന്റ് വിൻസെന്റ് ഡി.പോൾ

9.45-10.15 : **ബെത്സെയ്ദ ബ്ലോക്ക്** : സെന്റ് സെബാസ്റ്റ്യൻ A,B&C, ഹോളി ഫാമിലി A & B, ആരാധന A & B, ഡോൺബോസ്ക്കോ

10.15-10.45 : **നസ്രത്ത് ബ്ലോക്ക്** : വിമലാംബിക-A, മരിയാംബിക, നിർമ്മലാംബിക A & B, ലൂർദ്ദ് മാതാ

10.45-11.10 : **ബഥനി ബ്ലോക്ക്** : ഡോമിനിക് സാവിയോ, സെന്റ് ജൂഡ്, അമലോത്ഭവ മാതാ, സേക്രട്ട് ഹാർട്ട്, ക്രൈസ്റ്റ്

11.10-11.35 : **ബത്ലെഹേം ബ്ലോക്ക്** : സെന്റ് ജോസഫ് (G.F.), അമലാംബിക, മദർ തെരേസ, പത്താം പീയൂസ്, വിമലാംബിക - B

11.35-12.00 : **ജെറുസലേം ബ്ലോക്ക്** : സെന്റ് ആന്റണി -A, ക്രൈസ്റ്റ് ദി കിംഗ് - A, ക്രൈസ്റ്റ് ദി കിംഗ് -B, കാർമ്മൽ A & B, ഏയ്ഞ്ചൽ

## 2025 ഏപ്രിൽ 18 ദു:ഖവെള്ളി

## *ഉപവാസ ദിനം*

രാവിലെ 7.00ന് : **കുരിശിന്റെ വഴി** (ദേവാലയത്തിൽ നിന്ന് ആരംഭിക്കുന്നു).
ദു:ഖവെള്ളിയാഴ്ച കുരിശിന്റെ വഴിക്ക് എല്ലാവരും കുരിശ് കൊണ്ടുവരണം.

വൈകീട്ട് 3.30ന് : **ദൈവവചന പ്രഘോഷണം, കുരിശാരാധന, ദിവ്യകാരുണ്യ സ്വീകരണം**

തുടർന്ന് : **നഗരി കാണിക്കൽ, തിരുസ്വരൂപചുംബനം**

രാത്രി 10.30ന് : **കബറടക്കം**

## 2025 ഏപ്രിൽ 19 വലിയ ശനി (രാവിലെ തിരുക്കർമങ്ങൾ ഉണ്ടായിരിക്കുന്നതല്ല)

രാത്രി 10.30ന് : **തീ, തിരി, വെള്ളം വെഞ്ചിരിപ്പ്, ജ്ഞാനസ്നാന വ്രതനവീകരണം, പെസഹാ പ്രഘോഷണം, ദിവ്യബലി, പ്രദക്ഷിണം**

(രാത്രി ജാഗരണപൂജയ്ക്ക് തിരി കൊണ്ടുവരേണ്ടതാണ്.)

## 2025 ഏപ്രിൽ 20 ഉയിർപ്പ് ഞായർ

രാവിലെ 7.00നും 9.00നും : **ദിവ്യബലി**

# 2025-27 വർഷത്തേക്കുള്ള കേന്ദ്രനിർവാഹക സമിതി ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

2025 ജനുവരി മാസം നടന്ന കുടുംബയോഗങ്ങളിൽ 52 കുടുംബയൂണിറ്റിലും തെരഞ്ഞെടുപ്പ് നടത്തുകയും 2025-27 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. തെരഞ്ഞെടുപ്പിന് ഇടവക വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി., സഹവികാരി ഫാ. ഡാനി ആന്റണി ഒ.സി.ഡി., സെൻട്രൽ കമ്മിറ്റി ലീഡർ വർഗീസ് പുളിക്കൽ, സെൻട്രൽ കമ്മിറ്റി സെക്രട്ടറി അഡ്വ. ജെഫ്രിൻ മാനുവൽ എന്നിവർ നേതൃത്വം നൽകി.

ഫെബ്രുവരി 2-ാം തീയതി ഞായറാഴ്ച രാവിലെ 10.30ന് ഗാർഡിയൻ ഏഞ്ചൽസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് കുടുംബ യൂണിറ്റ് ബ്ലോക്ക് ഭാരവാഹികളുടെ തെരഞ്ഞെടുപ്പും തുടർന്ന് കേന്ദ്രനിർവാഹക സമിതി തെരഞ്ഞെടുപ്പും നടത്തി. തെരെഞ്ഞെടുപ്പിന് ഇടവക വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി, സഹവികാരി ഫാ. ഡാനി ആന്റണി ഒ.സി.ഡി., സെൻട്രൽ കമ്മിറ്റി ലീഡർ വർഗീസ് പുളിക്കൽ, സെൻട്രൽ കമ്മിറ്റി സെക്രട്ടറി അഡ്വ. ജെഫ്രിൻ മാനുവൽ എന്നിവർ നേതൃത്വം നൽകി. ശ്രീ. ആന്റണി രാജുവിന്റെ നേതൃത്വത്തിലുള്ള മതബോധന അദ്ധ്യാപകർ തെരെഞ്ഞെടുപ്പ് പ്രക്രിയയിൽ സജീവ പങ്കുവഹിച്ചു. സഹകരിച്ച എല്ലാ മതബോധന അദ്ധ്യാപകർക്കും തെരെഞ്ഞെടുപ്പിൽ പങ്കെടുത്ത എല്ലാ കുടുംബയൂണിറ്റ് ഭാരവാഹികൾക്കും ഇടവകയുടെ നന്ദി രേഖപ്പെടുത്തുന്നു.

## 2025-27 വർഷത്തേക്ക് തെരെഞ്ഞെടുക്കപ്പെട്ട കേന്ദ്രനിർവാഹക സമിതി അംഗങ്ങൾ

| | |
|---|---|
| ലീഡർ | - ബെനഡിക്ട് കെ.ജെ. കോതേത്ത് |
| സെക്രട്ടറി | - ജിനി ബാറ്റൻ ഉഴുന്നുംകാട്ടിൽ |
| ട്രഷറർ | - കെ.പി. ആന്റണി കോയ്മക്കാട് |
| അജപാലന ശുശ്രൂഷ കോർഡിനേറ്റർ | - സെബാസ്റ്റ്യൻ പെരേര കലവറപ്പറമ്പിൽ |
| വിദ്യാഭ്യാസ ശുശ്രൂഷ കോർഡിനേറ്റർ | - അഖിൽ അലക്സ് പള്ളത്ത് |
| കുടുംബ പ്രേഷിത ശുശ്രൂഷ കോർഡിനേറ്റർ | - ഫ്രാൻസീസ് ഡിക്രൂസ് മഞ്ചാടിപ്പറമ്പിൽ |
| യുവജന ശുശ്രൂഷ കോർഡിനേറ്റർ | - ജോയൽ ജോണി പാലക്കത്തറ |

| | | |
|---|---|---|
| സാമൂഹിക ശുശ്രൂഷ കോഡിനേറ്റർ | - | ജോർജ്ജ് പാളയത്തിൽ |
| അല്മായ ശുശ്രൂഷ കോഡിനേറ്റർ | - | ബിനു ജോസഫ് കണക്കംപറമ്പിൽ |

| | | |
|---|---|---|
| അസി. ലീഡർ | - | സെബാസ്റ്റ്യൻ പെരേര |
| സെക്രട്ടറി | - | ജോയൽ ജോണി |

## സത്യപ്രതിജ്ഞ നടത്തി

ഫെബ്രുവരി 2-ാം തീയതി ഞായറാഴ്ച രാവിലെ 9 മണിക്കുള്ള ദിവ്യ ബലിക്കു ശേഷം 52 കുടുംബ യൂണിറ്റുകളിൽ നിന്നും തെരെഞ്ഞെടുക്ക പ്പെട്ട കുടുംബ യൂണിറ്റ് ഭാരവാഹികളുടെ സത്യപ്രതിജ്ഞ ഗാർഡിയൻ ഏഞ്ചൽസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ചു നടന്നു. ഇടവക വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.യും സഹവികാരി ഫാ. ഡാനി ആന്റണി ഒ.സി.ഡി.യും സത്യപ്രതിജ്ഞ ചടങ്ങിന് നേതൃത്വം നൽകി.

## വി. സെബസ്ത്യാനോസിന്റെ തിരുനാൾ 2025



സെന്റ് സെബാസ്റ്റ്യൻ കപ്പേള യിലെ വി. സെബസ്ത്യാനോസിന്റെ തിരുനാൾ ജനുവരി 17, 18, 19 തീയതി കളിൽ ആഘോഷമായി കൊണ്ടാടി. വരാപ്പുഴ അതിരൂപത ചാൻസലർ ഫാ. എബിജിൻ അറക്കൽ തിരുനാളിന് കൊടിയേറ്റി. തിരുനാൾ ദിവ്യബലിക്ക് പ്രൊവിൻഷ്യാൾ കൗൺസിലർ



ഫാ. ജോസി കാരാപ്പറമ്പിൽ ഒ.സി.ഡി. മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന്, വൈകിട്ട് 7-ന് കുടുംബയൂണിറ്റ് അംഗങ്ങളുടെ കലാസന്ധ്യയും ഉണ്ടാ യിരുന്നു.

# വിഭൂതി ബുധൻ





വിശുദ്ധ നോമ്പുകാലത്തിന് തുടക്കം കുറിച്ച് വിഭൂതി ബുധനാഴ്ച രാവിലെ 6 നും 7.30 നും ദിവ്യബലി ഉണ്ടായിരുന്നു. ഇടവക വികാരി ഫാദർ സ്റ്റീജൻ കണക്കശ്ശേരി OCD ദിവ്യബലിക്ക് മുഖ്യകാർമികത്വം വഹിച്ചു. സഹവികാരി ഫാദർ ഡാനി ആന്റണി OCD, ഫാദർ വിനു OCD, ഫാദർ ബോബി സേവ്യർ OCD എന്നിവർ സഹകാർമികരായിരുന്നു.

# വിശുദ്ധ ഔസേപ്പിതാവിന്റെ തിരുനാൾ

## പന്തലിന്റെ കാൽനാട്ടുകർമ്മം നടത്തി



വിശുദ്ധ ഔസേപ്പ് പിതാവിന്റെ നേർച്ച സദ്യ നടത്തുന്ന പന്തലിന്റെ കാൽനാട്ടു കർമ്മം 13-3-2025 രാവിലെ 9.15ന് ബഹുമാനപ്പെട്ട ഫാ. നെൽസൺ പുളിക്കൽ ഒ.സി.ഡി. നിർവഹിച്ചു.



മാർച്ച് 19 വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷപൂർവം കൊണ്ടാടി. ആഘോഷമായ തിരുനാൾ ദിവ്യബലിക്കു റവ. ഫാ. വിനു ജോസഫ് ഒ.സി.ഡി. മുഖ്യ കാർമികത്വം വഹിച്ചു. റവ. ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. വചന പ്രഘോഷണം നടത്തി. ദിവ്യബലിക്കു ശേഷം റവ. ഫാ. വിനു ജോസഫിന്റെ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് കേക്ക് മുറിച്ചു. തുടർന്ന് പ്രദക്ഷിണവും നേർച്ചസദ്യയും ഉണ്ടായിരുന്നു. നാനാജാതി മതസ്ഥരായ ആയിരക്കണക്കിനാളുകൾ നേർച്ച സദ്യയിൽ പങ്കുകൊണ്ടു.



ഈ വർഷത്തെ
തിരുകുടുംബമായി
തിരഞ്ഞെടുക്കപ്പെട്ട
**എസേക്ക് വിനീത്**
**പടമാട്ടുമ്മൽ**
**S/o വിനീത് & അനു**
(മരിയാംബിക
യൂണിറ്റ്)













# ഇടവകയിലെ ദേവാസ്ത് വിളി സംഘത്തിന് രൂപതയുടെ ആദരം






*വരാപ്പുഴ അതിരൂപതയുടെ ആദരം സഹായ മെത്രാൻ റൈറ്റ് റവ. ഡോ. ആന്റണി വാലുങ്കൽ പിതാവിന്റെ നേതൃത്വത്തിൽ കൃപാസനം ഡയറക്ടർ ഫാ. ജോസഫ് വലിയ വീട്ടിലിൽ നിന്ന് ഏറ്റുവാങ്ങുന്നു.*

നോമ്പാരംഭിക്കുന്ന വിഭൂതി ബുധനിൽ തുടങ്ങുന്ന ദേവാസ്ത് വിളി ദു:ഖവെള്ളിയാഴ്ച അവസാനിക്കുന്നു. വലിയ നോമ്പുകാലത്തെ രാത്രികളിൽ തെരുവുകളിലൂടെ ദേവാസ്ത് വിളി സംഘം നീങ്ങുന്നു. നിലത്ത് കുത്തനെ നിറുത്തിയ കുരിശിൽ കൈകൾ പിടിച്ച് മുട്ടിന്മേൽ നിന്നുകൊണ്ടാണ് ദേവാസ്ത് വിളിക്കുന്നത്. എല്ലാവരും മുട്ടിന്മേൽ നിന്നശേഷം പ്രത്യേക താളത്തിൽ ആദ്യം കൈമണി കിലുക്കുന്നു. തുടർന്ന്, സ്വർഗസ്ഥനായ, നന്മ നിറഞ്ഞ മറിയമെ, ത്രിത്വസ്തുതി എന്നീ പ്രാർത്ഥനകൾ ചൊല്ലുന്നു. ശേഷം ദേവാസ്തു വിളി ആരംഭിക്കുകയായി. നമ്മുടെ ഇടവകയിൽ എല്ലാ കൊല്ലവും ദേവാസ്ത് വിളി ശ്രീ. ജെയിംസ് കൊറയയുടെ നേതൃത്വത്തിൽ മുടക്കം കൂടാതെ നടത്തിവരുന്നു.

## ഇടവകയിലെ ദേവാസ്ത വിളി ടീമിലെ അംഗങ്ങൾ

ജെയിംസ് കൊറയ പൂവത്തുംപറമ്പിൽ
എം.പി. ഫ്രാൻസിസ് മഠത്തിപ്പറമ്പിൽ
ജിനു ജോർജ് കാനാത്തുതുണ്ടിയിൽ
അലൻ ഹെൻട്രി പള്ളിഞ്ഞാലിൽ,
അയ്ബിൻ ഹെൻട്രി പള്ളിഞ്ഞാലിൽ
ഹെൻട്രി പി.ജോർജ്ജ് പള്ളിഞ്ഞാലിൽ
ആന്റണി കെ.ജെ. കുരിശിങ്കൽ
മാക്സിൽ ജോർജ്ജ് മുളങ്ങോത്ത്
ടെൻസൺ ചാർലി ആഞ്ഞിലിക്കാട്
എയ്ഞ്ചൽ എ.പി. അമ്പലത്തും പറമ്പിൽ
ടോണി തോമസ് നടുവിലപറമ്പിൽ
ദീപക്ക് ഫെർണാണ്ടസ് നെടുവിളകം

## യുവജന വാർത്തകൾ

# അഭിനന്ദനങ്ങൾ!!!...




അമലോത്ഭവ മാതാ ഇടവകയിലെ സെന്റ് മേരീസ് കുടുംബ യൂണിറ്റ് പള്ളിപ്പറമ്പിൽ ജിജുവിന്റെയും റീനയുടെയും മകളായ **അന്ന ഇവാൻ ജെലിൻ** റിസീന ആർട്ടിൽ അതുല്യമായ കഴിവ് പ്രദർശിപ്പിച്ചതിന് ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡ്സ്, ഏഷ്യൻ ബുക്ക് ഓഫ് റെക്കോർഡ്സ്, ഇൻറർനാഷണൽ ബുക്ക് ഓഫ് റെക്കോർഡ് എന്നീ അംഗീകാരങ്ങൾ ലഭിച്ചിരിക്കുന്നു.

റിസിൻ മിശ്രിതവും മണലും ഉപയോഗിച്ച മോൾഡ്, ഇംഗ്ലീഷ് അക്ഷര ഫലകങ്ങളിൽ ഏറ്റവും കൂടുതൽ എണ്ണം രൂപപ്പെടുത്തി ഏഴ് ഭൂഖണ്ഡങ്ങളുടെ പേരുകൾ എഴുതുന്നതിനായി 68 ഇംഗ്ലീഷ് അക്ഷര ഫലകങ്ങൾ ഉപയോഗിച്ച് റെക്കോർഡ് നേടി. ഈ ചെറിയ പ്രായത്തിൽ ഏഷ്യ, ഇന്ത്യ, അന്തർ ദേശീയ തലങ്ങളിൽ മികച്ച പ്രകടനവും പ്രതിഭയും കാഴ്ചവച്ച അന്ന ഇവാഞ്ചലിന് മഞ്ഞുമ്മൽ ഇടവകയുടെ അഭിനന്ദനങ്ങൾ....!

# അഭിനന്ദനങ്ങൾ!!!...

ഇടവകയിലെ കേന്ദ്ര നിർവാഹക
സമിതിയിലെ യുവജന ശുശ്രൂഷ
കോർഡിനേറ്ററായും അസിസ്റ്റന്റ്
സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ട
ജോയൽ ജോണിക്ക്
ഇടവകയുടെ അഭിനന്ദനങ്ങൾ...!



**പരീക്ഷയെ അഭിമുഖീകരിക്കുന്ന എല്ലാ യുവജനങ്ങൾക്കും പ്രാർത്ഥനയും ആശംസയും നേരുന്നു.**

## മതബോധന വാർത്തകൾ




മതബോധന വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇടവകയിൽ നടത്തിയ ക്രിസ്തുരാജ റാലി



മതബോധന വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇടവകയിൽ നടത്തിയ തിരുബാലസഖ്യ റാലി

ഡിസംബർ 24 ക്രിസ്മസ് പാതിരാ കുർബാനയ്ക്ക് മതബോധന വിഭാഗം അധ്യാപകരും, കുട്ടികളും ചേർന്ന് നേതൃത്വം നൽകി. അന്നേദിനം പ്രാരംഭ പ്രദക്ഷണത്തിന് മുന്നോടിയായി മതബോധന വിദ്യാർത്ഥികൾ കരോൾ അവതരിപ്പിച്ചു.



കളമശ്ശേരി ലിറ്റിൽ ഫ്ളവർ എൻജിനീയറിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ട കളമശ്ശേരി മതബോധന മേഖലതല ക്രിസ്മസ് കരോൾ മത്സരത്തിൽ മഞ്ഞുമ്മൽ മതബോധന വിഭാഗം രണ്ടാം സ്ഥാനം കരസ്ഥമാക്കി അതിരൂപത മത്സരത്തിലേക്കുള്ള യോഗ്യത നേടി

എറണാകുളം സെന്റ് ആന്റണീസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെട്ട അതിരൂപതാതല 'ഉണ്ണീശോയ്ക്ക് കത്തെഴുതൽ' മത്സരത്തിൽ മതബോധന വിഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുട്ടികൾ പങ്കെടുത്തു.



എറണാകുളം സെന്റ് ആൽബർട്ട് കോളേജിൽ വെച്ച് നടത്തപ്പെട്ട വിശുദ്ധ ലൂക്കാ സുവിശേഷം എഴുതിയവരുടെ അതിരൂപത സംഗമത്തിൽ മഞ്ഞുമ്മൽ മതബോധന വിഭാഗത്തിൽ നിന്നും 31 പേർ പങ്കെടുത്തു



# നവാതിഥികൾ

1) **ലെവിന ഡിക്സൻ**
   D/o പടവരക്കൽ ഡിക്സൻ & ജിഷ ജോർജ്

2) **റബേക്ക മിറിയം നിഖിൽ**
   D/o കടേപ്പറമ്പിൽ നിഖിൽ റോയി & അലീന ആന്റണി

3) **സാമുവൽ വർഗീസ് ജോസ്മോൻ**
   S/o അമ്പലത്തിങ്കൽ ജോസ്മോൻ വർഗീസ് & സോനു സാറാ സിറിൾ

4) **എഡ്വിൻ ഡിസ്റ്റൻ**
   S/o അന്തിക്കാട് ഡിസ്റ്റൻ ഡൊമിനിക് & ലിയ റോസ്‌ലിൻ

5) **ഹന്ന ഏലിയ മറിയം**
   D/o മൺപുരക്കൽ അഖിൽ തോമസ് & ലിഖിത അഖിൽ

6) **അഡ്രിയേൽ ജോർജ് അരുൺ**
   S/o പുത്തൻവീട്ടിൽ അരുൺ ക്രിസ്റ്റഫർ & റിയ ബിജു

7) **എലിസ മറിയം ഗ്ലെൻ**
   D/o പെരുമ്പിള്ളി ഗ്ലെൻ ജെറോം & അക്യൂന ജോസഫ്

8) **ജുവൽ ജെറിൽ**
   D/o ഇല്ലിക്കൽ ജെറിൽ പോൾ & അലീഷ

9) **ജീസ് ജെറിൽ**
   S/o ഇല്ലിക്കൽ ജെറിൽ പോൾ & അലീഷ

10) **ഹയ ഷാജൻ**
   D/o ചാലാവീട്ടിൽ ഷാജൻ & ഫ്രിമ ട്രീസ

# ഒന്നായവർ

1) ഓളിപ്പറമ്പിൽ **കിരൺ ബെന്നി** &
   പുളിക്കക്കുടി **ഡെറ്റി**

2) ഇല്ലത്തുപറമ്പിൽ **ഷോബിൻ ജോൺ** &
   പൊട്ടതോട്ടുങ്കൽ **റ്റിസ മോൾ**



# നിത്യതയിലേക്ക്



**ബാബു മാത്യു**
മുളക്കയത്ത്



**സിൽവസ്റ്റർ**
വയലിത്തറ



**സെലിഗ് എബ്രഹാം സെനോ**
തോട്ടത്തുശ്ശേരി



**പൗളി**
കോയ്മക്കാട്



**വർഗീസ് ലാസർ**
തൊട്ടിയിൽ



**ജോസഫ്**
പള്ളിപ്പറമ്പിൽ



**പാപ്പു ലോനൻ**
പള്ളിപ്പറമ്പിൽ



**ഷിബു ജോർജ്ജ്**
ഓളിപ്പറമ്പിൽ



**ലൂസി ജോൺ**
അടിച്ചിയിൽ

# മുനമ്പത്തുകാരൻ



പ്രിയരെ,

മഞ്ഞുമ്മൽ കോളനി സ്റ്റോപ്പിനടുത്ത് കടൽ, കായൽ ഫ്രഷ് മത്സ്യ വിപണനം നടത്തുന്ന ഷോപ്പ് തുറന്ന വിവരം ഏവരും അറിഞ്ഞിരിക്കുമല്ലോ...

മുനമ്പം ഹാർബറിൽ നിന്നും കോട്ടപ്പുറം, വരാപ്പുഴ കായലുകളിൽ നിന്നും മത്സ്യ വളർത്തു കേന്ദ്രങ്ങളിൽ നിന്നുമുള്ള ഫ്രഷ് ഫിഷ് മഞ്ഞുമ്മൽ എത്തിക്കുന്ന വിധമാണ് കടയുടെ പ്രവർത്തന സംവിധാനം. ഈ രംഗത്ത് കഴിഞ്ഞ ഇരുപത് വർഷത്തിലധികമായുള്ള ഞങ്ങളുടെ പ്രവർത്തന പരിചയം നിങ്ങളുടെ ഊൺമേശയിലെ മത്സ്യ വിഭവങ്ങളുടെ ക്വാളിറ്റി വർദ്ധിപ്പിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. വിവിധ ഇനം മത്സ്യങ്ങൾ ഏറ്റവും ഫ്രഷ് ആയി ന്യായമായ വിലയിൽ നിങ്ങളിലേക്കെത്തിക്കുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

ഞങ്ങളുടെ ഷോപ്പിൽ നിന്ന് നിങ്ങൾക്കായൊരുക്കുന്ന മത്സ്യ വിഭവങ്ങൾ.

**നെയ്മീൻ, ആവോലി, കേര, വറ്റ, മാച്ചാൻ, കിളിമീൻ, പൊന്നാരമീൻ, സ്രാവ്, കൂന്തൽ, ചെമ്മീൻ, കൊഞ്ച്, മോദ, അയല, ചാള, മാന്തൽ, കൊഴുവ.**

പാർട്ടികൾക്ക് ഓർഡറുകൾ സ്വീകരിക്കുന്നു.

**ഞായർ അവധി**



ഓരോ ദിവസവും വിൽപനക്കെത്തുന്ന മത്സ്യങ്ങളുടെ ചിത്രങ്ങൾ കണ്ട് വില നോക്കി ഓർഡർ നൽകാൻ 9744 845 962 എന്ന വാട്സ്ആപ്പ് നമ്പറിലേക്ക് വിളിക്കുക.

ഇന്ത്യയിലെ പ്രഥമ ധ്യാനകേന്ദ്രമായ മഞ്ഞുമ്മൽ
CRC യുടെ നേതൃത്വത്തിൽ

CRC Since 1967



# മഞ്ഞുമ്മൽ

# സുവിശേഷ മഹോത്സവം 2025

## (ബൈബിൾ കൺവെൻഷൻ)

**2025 മെയ് 7 ബുധൻ മുതൽ 11 ഞായർ വരെ**

മഞ്ഞുമ്മൽ അമലോൽഭവമാതാ ദൈവാലയ അങ്കണത്തിൽ

ഏവർക്കും സ്വാഗതം...

**കേരളത്തിലെ പ്രമുഖ പിതാക്കൻമാരും ധ്യാനഗുരുക്കൻമാരും നയിക്കുന്നു.**



മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
(വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത)



റൈറ്റ് റവ. ഡോ. ആന്റണി വാലുങ്കൽ
(വരാപ്പുഴ അതിരൂപത സഹായമെത്രാൻ)



വെരി റവ. ഡോ. അഗസ്റ്റിൻ മുല്ലൂർ ഒ.സി.ഡി
(പ്രൊവിൻഷ്യാൾ, ഒ.സി.ഡി മഞ്ഞുമ്മൽ പ്രൊവിൻസ്)



റവ.ഫാ. അലോഷ്യസ് കുളങ്ങര



റവ. മോൺ. റോക്കി റോബിൻ കളത്തിൽ



റവ.ഫാ. സ്റ്റാൻലി മാതിരപ്പിള്ളി



റവ.ഫാ. ബോസ്കോ ഞാളിയത്ത്



റവ.ഫാ. റാഫ്സൺ പീറ്റർ ഒ.സി.ഡി



റവ.ഫാ. ബാബു പോൾ ഒ.സി.ഡി



റവ.ഫാ. ലാസർ സിന്റോ



റവ.ഫാ. ആന്റണി കാനപ്പിള്ളി ഒ.സി.ഡി

### സുവിശേഷ മഹോത്സവം 2025 സമയക്രമം

3.00ന് : ജെറിക്കോ പ്രാർത്ഥന
3.30ന് : ജപമാല
4.00ന് : സ്തുതി ആരാധന
4.30ന് : ദിവ്യബലി
6.00ന് : വചന പ്രഘോഷണം – 1
7.00ന് : വചന പ്രഘോഷണം – 2
8.30ന് : ആരാധന
9.00ന് : സ്നേഹ വിരുന്ന്

**മെയ് 10 ശനിയാഴ്ച കർമലീത്താ ദിനം**

For more details:

MOB: **8891 151 777**
**8281 254 255**